LIBRARY ARCHIVES Kerala Legislative Assembly

ആലപ്പുഴ നഗരത്തിന്റെ വികസനം

22 [1493] ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ നഗരത്തിന്റെ വികസനം സംബന്ധിച്ച മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിന് മുഖ്യമന്ത്രി കോൺഫറൻസ് വിളിച്ചിരുന്നോ;

(ബി) എങ്കിൽ എന്നാണ് യോഗം വിളിച്ചിരുന്നത്;

(സി) എന്തൊക്കെയായിരുന്നു തീരുമാനങ്ങൾ; ഇവ പ്രാവർത്തികമാക്കുന്ന നടപടികൾ ഏത് ഘട്ടം വരെയായി; വിശദമാക്കാമോ?

ഉത്തരം

(എ) & (ബി) 1-12-2003-നാണ് യോഗം വിളിച്ചിരുന്നത്.

(സി) 1-12-2003-ന് മുഖ്യമന്ത്രി വിളിച്ചുചേർത്ത യോഗത്തിൽ താഴെ പറയുന്ന തീരുമാനങ്ങൾ എടുക്കുകയുണ്ടായി:

1. 2004 ജനുവരി 31-നകം ആലപ്പുഴ നഗരത്തിന്റെ വികസനവുമായി ബന്ധപ്പെട്ട ഒരു സമഗ്ര റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുവാൻ മെ. കൺസൾട്ടിംഗ് എഞ്ചിനീയറിംഗ് സർവ്വീസിനെ ചുമതലപ്പെടുത്തുന്നതിനും ആലപ്പുഴ നഗരം നേരിടുന്ന ടൂറിസം, കനാൽ വികസനം, മാലിന്യ നിർമ്മാർജ്ജനം തുടങ്ങിയ വിഷയവുമായി ബന്ധപ്പെട്ട കാര്യങ്ങളെക്കുറിച്ച് പ്രതിപാദിക്കുന്ന പ്രസ്തുത റിപ്പോർട്ടിൽ ഇതിനായി ചെലവാകുന്ന തുകയും അതിനായുള്ള ധനാഗമമാർഗ്ഗത്തെക്കുറിച്ചും വിശദീകരിക്കണമെന്നും പ്രോജക്ട് റിപ്പോർട്ടിന്മേലുള്ള അന്തിമതീരുമാനം 31-3-2004-ന് സർക്കാർ കൈക്കൊള്ളുന്നതാണെന്നും തീരുമാനിച്ചു.
2. പദ്ധതി നടത്തിപ്പിനായി ജില്ലാതലത്തിൽ ജില്ലാ കളക്ടർ ചെയർമാനായും സംസ്ഥാന തലത്തിൽ ടൂറിസം വകുപ്പ് സെക്രട്ടറി നോഡൽ ഓഫീസറായും ശാക്തീകരണ കമ്മറ്റികൾ രൂപീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

3. ആലപ്പുഴ നഗരവികസനത്തിനായി ഇതുവരെ മറ്റുവകുപ്പുകൾ തയ്യാറാക്കിയിട്ടുള്ള പ്രോജക്ട് റിപ്പോർട്ടുകളുടെ പകർപ്പുകൾ ടൂറിസം വകുപ്പ് സെക്രട്ടറിക്ക് കൈമാറുന്നതിനും തീരുമാനിച്ചു.

4. ആലപ്പുഴ നഗരവികസനത്തിനായി തദ്ദേശ സ്വയംഭരണ (നഗര) വകുപ്പ് അടുത്ത വർഷത്തെ ബഡ്ജറ്റിൽ ആവശ്യമായ ബഡ്ജറ്റ് നീക്കിയിരിപ്പിന് വ്യവസ്ഥ ചെയ്യുന്നതിനും മാസ്റ്റർ പ്ലാനിന് അനുസൃതമായി മറ്റു ബന്ധപ്പെട്ട വകുപ്പുകളും അടുത്ത വർഷത്തിൽ ബഡ്ജറ്റ് നീക്കിയിരിപ്പിന് വ്യവസ്ഥ ചെയ്യേണ്ടതാണെന്നും തീരുമാനിച്ചു. മേൽപ്പറഞ്ഞ തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ അടുത്ത സാമ്പത്തിക വർഷത്തിൽ ആവശ്യമായ തുക വകയിരുത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചു.

ബോർഡ്, കോർപ്പറേഷൻ, പൊതുമേഖലാ സ്ഥാപനങ്ങൾ തുടങ്ങിയവയിലെ നിയമനം

23 [1494] **ശ്രീ. എം. വി. ജയരാജൻ**: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയമനാധികാരം പി.എസ്.സി.-ക്ക് നൽകിയ വിവിധ ബോർഡുകൾ, കോർപ്പറേഷനുകൾ, മറ്റു പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവകളിലേക്കായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തു;

(ബി) ഇവയിൽ ഓരോ സ്ഥാപനത്തിന്റെയും ഇനം തിരിച്ചുള്ള വിശദാംശം വ്യക്തമാക്കുമോ;

(സി) ഇതിൽ എത്ര പേർക്ക് നിയമന ശുപാർശ നൽകിയിട്ടുണ്ടെന്ന് അറിയിക്കുമോ;

(ഡി) എത്ര പേർക്ക് നിയമനം നൽകിയെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) മുതൽ (ഡി)വരെ വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly